

മഹാത്മാഗാന്ധിദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

സോഷ്യൽ ഓഡിറ്റ് സൊസൈറ്റി, കേരള

തിരുവനന്തപുരം ജില്ല

സോഷ്യൽ ഓഡിറ്റ് റിപ്പോർട്ട്

ബ്ലോക്ക് - പാറശാല

ഗ്രാമപഞ്ചായത്ത്- **കാരോട്**

വാർഡ് - **വടൂർകോണം(4)**

തീയതി - **29/11/2019**

സമയം - **2:30pm**

സ്ഥലം - **ചെമ്മണ്ണുവിള ഗ്രൗണ്ട്**

ആമുഖം

ഇന്ത്യയിലെ ദരിദ്രരായ ഗ്രാമീണജനതയുടെ ദാരിദ്ര്യം ലഘൂകരിക്കുന്നതിനും അവരുടെ ജീവിതം സുരക്ഷിതത്വം ഉറപ്പു വരുത്തുന്നതിനു വേണ്ടി രൂപം കൊടുത്തിട്ടുള്ള ഒരു ബൃഹത് പദ്ധതിയാണ് മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി. കാർഷിക മേഖലയിലും നിർമ്മാണ മേഖലയിലും തൊഴിൽ ലഭിക്കാതെ ഗ്രാമീണജനത ബുദ്ധിമുട്ടുമ്പോൾ അവർക്ക് 100 ദിവസത്തെ തൊഴിൽ എങ്കിലും ഉറപ്പുവരുത്തുവാൻ ഈ പദ്ധതി ലക്ഷ്യമിടുന്നു. ഇങ്ങനെ തൊഴിൽ നൽകുന്നതിന് ഏറ്റെടുക്കുന്ന വിവിധ പദ്ധതികളിലൂടെ രാജ്യത്തിന്റെ മണ്ണും ജലവും പരമാവധി സംരക്ഷിക്കുന്നതിന് സാധ്യമാകും എന്ന് പ്രതീക്ഷിക്കുന്നു.

തൊഴിൽ ആവശ്യപ്പെടുന്നവർക്ക് നിശ്ചിത കാലയളവിനുള്ളിൽ തൊഴിൽ ലഭിക്കുന്നു എന്നും അതിന് നിശ്ചയിക്കപ്പെട്ടിട്ടുള്ള വേതനം നിർദിഷ്ട സമയത്തിനുള്ളിൽ ലഭിക്കുന്നുവെന്നും ഉറപ്പുവരുത്തുന്നതിന് ഇന്ത്യൻ പാർലമെന്റ് പാസാക്കിയ നിയമമാണ് മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം. 2005 ഓഗസ്റ്റ് 23 ആം തീയതി യാണ് പാർലമെന്റ്റ് ഈ നിയമം പാസാക്കുന്നത്.

തൊഴിലും വേതനവും നിർദിഷ്ട സമയത്തിനുള്ളിൽ കൃത്യമായി ലഭിക്കുന്നതിനുള്ള അവകാശം പരമാവധി ഉറപ്പുവരുത്തുന്നു എന്നാണ് ഈ നിയമത്തിലെ സവിശേഷത. തൊഴിൽ ലഭിച്ചില്ലെങ്കിൽ തൊഴിലില്ലായ്മ വേതനം തൊഴിൽ എടുത്തശേഷം വേതനം വൈകുകയോ ലഭിക്കാതിരിക്കുകയും ചെയ്താൽ നഷ്ടപരിഹാരവും ഈ നിയമം വ്യവസ്ഥ ചെയ്യുന്നു..

തൊഴിൽ ആവശ്യപ്പെടുന്നവർക്ക് 15 ദിവസത്തിനുള്ളിൽ തൊഴിൽ നൽകിയിരിക്കണം എന്നാണ് വ്യവസ്ഥ. അല്ലാത്തപക്ഷം പതിനാറാമത്തെ ദിവസം മുതൽ അവർക്ക് തൊഴിലില്ലായ്മ വേതനം അർഹതയുണ്ടായിരിക്കും. അതുപോലെ ചെയ്ത തൊഴിൽ വേതനം 14 ദിവസത്തിൽ കൂടുതൽ വൈകിയാൽ വൈകുന്ന ഓരോ ദിവസവും നഷ്ടപരിഹാരം ലഭിക്കുന്നതിനും അർഹതയുണ്ട്. തൊഴിൽ ആവശ്യപ്പെടുന്ന വർക്ക് തൊഴിലോ തൊഴിലില്ലായ്മ വേതനം ഉറപ്പായും ഉറപ്പു വരുത്തണം എന്നാണ് തൊഴിലുറപ്പ് നിയമത്തിന്റെ പ്രത്യേകത.

ഇന്ത്യയിലെ ഏറ്റവും പിന്നോക്കം ആയ 200 ഗ്രാമീണ ജില്ലകളിൽ 2006 ഫെബ്രുവരി 2 തീയതി ഈ നിയമം നിലവിൽ വരുകയും പദ്ധതി നടപ്പിലാക്കുകയും ചെയ്തു. കേരളത്തിൽ വയനാടും പാലക്കാടും ഈ 200 ജില്ലകളിൽ ഉൾപ്പെട്ടിരിക്കുന്നു. 2007 മെയ് 15ന് 130 ജില്ലകളിലേക്ക് കൂടി ഇത് വ്യാപിപ്പിച്ചു. ഇടുക്കി കാസർഗോഡ് ജില്ലകൾ ഇതിൽ ഉൾപ്പെട്ടിരുന്നു. 2008 ഏപ്രിൽ ഒന്നിന് ഇന്ത്യയിലെ ബാക്കി മുഴുവൻ ജില്ലകളിലേക്കും ഇത് വ്യാപിപ്പിച്ചു. ഇന്ന് ഇന്ത്യയിലെ മുഴുവൻ ഗ്രാമീണ ജില്ലകളിലും ഈ പദ്ധതി നിലവിലുണ്ട്. ആഗോളതലത്തിൽ സവിശേഷ ശ്രദ്ധയാകർഷിച്ച ഒരു അവകാശ അധിഷ്ഠിത തൊഴിൽ നിയമം എന്ന നിലയിലും ഗ്രാമീണമേഖലയിൽ ദാരിദ്ര ലഘൂകരണത്തിൽ നിർണായകമായ വഴിത്തിരിവ് സൃഷ്ടിച്ച ബൃഹത് പദ്ധതി എന്ന കാര്യം പരിഗണിച്ചു 2009 ഒക്ടോബർ രണ്ടാം തീയതി കേന്ദ്രസർക്കാർ ഈ നിയമത്തെ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി എന്ന് പുനർനാമകരണം ചെയ്തു.

തിരുവനന്തപുരം ജില്ല

കേരളത്തിന്റെ തെക്കേ അറ്റത്തുള്ളതും സംസ്ഥാനത്തിന്റെ തലസ്ഥാന നഗരം ഉൾക്കൊള്ളുന്നതുമായജില്ല. ഭാരതത്തിന്റെ തെക്കേ അറ്റമായ കന്യാകുമാരി തിരുവനന്തപുരം ജില്ലയുടെ അതിരായ പാറശാലയിൽ നിന്നും 56 കിലോമീറ്റർ അകലെയായി സ്ഥിതി ചെയ്യുന്നു

പാറശ്ശാല ബ്ലോക്ക് പഞ്ചായത്ത്

തമിഴ്നാടിന്റെ അതിർത്തിയും കേരളത്തിന്റെ തെക്കേ അറ്റവുമായ ബ്ലോക്ക് പഞ്ചായത്താണ് പാറശാല ബ്ലോക്ക് പഞ്ചായത്ത്. തമിഴ്, മലയാളം എന്നീ ഭാഷകളുടെ സംഗമ സ്ഥാനം കൂടി ആയതിനാൽ ജനങ്ങൾക്ക് കലയോടും സംസ്കാരത്തോടും നല്ല മതിപ്പുണ്ട്. പരമ്പരാഗത കുടിൽ വ്യവസായമായ കരിപ്പട്ടി നിർമാണത്തിൽ തുടങ്ങി ആധുനിക വ്യവസായ സംരംഭങ്ങൾ വരെ ഇവരുടെ ജീവിതത്തെ സ്വാധീനിക്കുന്നുണ്ട്. ഭൂരിഭാഗം ആളുകളും ദ്വിഭാഷികളാണ്.

പാറശ്ശാല ബ്ലോക്ക് പരിധിയിൽ ചെങ്കൽ, കാരോട്, കുളത്തൂർ, പൂവാർ, തിരുപുറം, പാറശ്ശാല എന്നിങ്ങനെ ആറ് പഞ്ചായത്തുകളാണ് ഉള്ളത്.

കാരോട് പഞ്ചായത്ത്



കേരളത്തിന്റെ തെക്കേ അറ്റത്തെ കുളത്തൂർ, ചെങ്കൽ,പാറശാല, എന്നീ പഞ്ചായത്തുകൾക്ക് പുറമെ തമിഴ്നാടുമായി അതിർത്തി പങ്കിടുന്ന ഒര് ഗ്രാമപഞ്ചായത്ത് കൂടിയാണ് കാരോട് ഗ്രാമപഞ്ചായത്ത്. പഴയതിരുവിതാകൂറിന്റ ഭാഗമായിരുന്ന എന്നാൽ ഇന്ന് തമിഴ്നാടിന്റെ ഭാഗമായ കന്യാകുമാരി ജില്ലയിലെ കൊല്ലംകോട് ടൌൺ പഞ്ചായത്തുമായാണ് അതിർത്തി പങ്കിടുന്നത്.

ഭാഷക്കും ജാതിക്കും മതത്തിനും അധീതമായി മത സൗഹാർദ്ദവും അതിലുപരി മാനവ സൗഹാർദ്ദവും നിലനിൽക്കുന്ന നാനാജാതി മതസ്ഥർ തിങ്ങിപാർക്കുന്ന ഒര് പ്രദേശമാണ്.പലമതസ്ഥരുടെ ആരാധനാലയങ്ങൾ ഇവിടെ ഇടതൂർന്ന് കണമെന്നത് പോലെ തന്നെ യാണ് അവരുടെ വീടുകളും.ഹിന്ദുവും,

ക്രിസ്ത്യാനിയും,മുസ്ലിമും,സഹോദരങ്ങളായി ജീവിക്കുന്ന ഒര് പ്രദേശമാണ് കാരോട് വർഗ്ഗിയമായ ഒര് സംഘർഷവും ഇവിടെ ഇതുവരെ റിപോർട്ട് ചെയ്തിട്ടില്ല എന്നതാണ് പ്രതേകത

കാരോട് പഞ്ചായത്തിലെ നഗരപ്രധാനമായ സ്ഥലങ്ങൾ പഴയഉച്ചക്കട, പ്ലാമൂട്ടുക്കട, പൊൻവിള, ചെങ്കവിള, ഊരമ്പ്, പൊഴിയൂർ എന്നിവിടങ്ങളാണ്

കാരോട് ഗ്രാമപഞ്ചായത്ത് കേരളത്തിന്റെ ഏറ്റവും തെക്കേയറ്റത്താണ് സ്ഥിതി ചെയ്യുന്നത്. 923 -ന്നാം വർഷതിൽ പാർത്ഥിവപുരം ശിലാ ലിഖിതത്തിൽ കിരാത്തൂർ , പൊഴിയൂർ , കുളത്തൂർ എന്നീ സ്ഥലങ്ങളെക്കുറിച്ച് പരാമർശിച്ചിട്ടുണ്ട്. കാരോട് അടുത്തകാലം വരെ കുളത്തൂർ വില്ലേജിന്റെ ഭാഗമായിരുന്നു. അന്ന് കുളത്തൂരും, കാരോടും ഒരു ഗ്രാമപ്രദേശമായിട്ടാണ് കണക്കാക്കപ്പെട്ടിരുന്നത് .

അടിസ്ഥാന വിവരങ്ങൾ

ബ്ലോക്ക് - പാറശ്ശാല

താലൂക്ക് - നെയ്യാറ്റിൻകര

വാർഡുകളുടെ എണ്ണം - 19

നിയമസഭാമണ്ഡലം= നെയ്യാറ്റിൻകര

ലോകസഭാമണ്ഡലം=തിരുവനന്തപുരം

അക്ഷാംശം = 8.21

രേഖാംശം = 77.3

ജില്ല = തിരുവനന്തപുരം

ഭരണസ്ഥാനങ്ങൾ = പഞ്ചായത്ത്

വിസ്തീർണ്ണം = 15.67

ജനസംഖ്യ = 27490

ജനസാന്ദ്രത = 1659

അതിരുകൾ

കിഴക്ക് - കന്യാകുമാരി ഡിസ്ട്രിക്ട്

പടിഞ്ഞാറ് - കുളത്തൂർ പഞ്ചായത്ത്

തെക്ക് ചെങ്കൽ പഞ്ചായത്ത്

വടക്ക് - പാറശ്ശാല പഞ്ചായത്ത്

വടൂർകോണം

കൃഷി പ്രധാന തൊഴിലാക്കിയ ജനം വിഭാഗങ്ങൾ ഉള്ള പ്രദേശമാണ് ഇവിടം. ചാനലുകളും തോടുകൾ ഉള്ളത്കൊണ്ടുതന്നെ കൃഷി നല്ല രീതിയിൽ മുന്നോട്ടു കൊണ്ട് പോകുവാൻ ജനങ്ങൾക്ക് സാധിക്കുന്നുണ്ട്.

രീതിശാസ്ത്രം

കേരള സോഷ്യൽ ഓഡിറ്റ് സൊസൈറ്റിയുമായി ബന്ധപ്പെട്ട് , പാറശ്ശാല ബ്ലോക്ക് റിസോഴ്സ് പേഴ്സനിന്റെ സഹായത്തോടെ വില്ലേജ് റിസോഴ്സ് പെഴേസൻസ് ആണ് തിരുവനന്തപുരം ജില്ലയിൽ പാറശ്ശാല ബ്ലോക്ക് പഞ്ചായത്തിൽ പാറശ്ശാല ഗ്രാമ പഞ്ചായത്ത് വാർഡ് 2 ൽ (നെടിയാംകോഡ്) സോഷ്യൽ ഓഡിറ്റ് പ്രക്രിയ നടത്തിയത്.

ആദ്യഘട്ടം:
പഞ്ചായത്ത് സെക്രട്ടറി, പ്രസിഡന്റ് , വാർഡ് മെമ്പർ, എൻ ആർ ഇ ജി എസ് സ്റ്റാഫ് എന്നിവരുമായി പാറശ്ശാല ബ്ലോക്ക് റിസോഴ്സ് പേഴ്സൺ വാർഡ് 2 ൽ നടത്തേണ്ട സോഷ്യൽ ഓഡിറ്റ് പ്രവർത്തനങ്ങളെക്കുറിച്ചുള്ള ചർച്ച.

രണ്ടാം ഘട്ടം:
2018 ഒക്ടോബർ മാസംഒന്നാം തിയതി മുതൽ 2019 മാർച്ച് മാസം വരെ ഏറ്റെടുത്ത് നടത്തിയ പ്രവൃത്തികളുടെ ഫയലുകൾ, 7 രജിസ്റ്ററുകൾ, എം ഐ എസ് എന്നിവ പരിശോധിക്കൽ.

മൂന്നാം ഘട്ടം:
പരിശോധിച്ച ഫയലുകളുടെ അടിസ്ഥാനത്തിൽ പ്രവൃത്തിയിടങ്ങൾ പരിശോധിക്കൽ, ചെയ്ത പ്രവൃത്തികളുടെ അളവുകൾ പരിശോധിക്കൽ

നാലാം ഘട്ടം:
ഗുണഭോക്താക്കളോട് പ്രവൃത്തികളുടെ ഗുണഫലങ്ങൾ ചോദിച്ചറിയുകയും, സജീവ തൊഴിലാളികളെകണ്ട് തൊഴിൽകാർഡ്, ബാങ്ക് പാസ്സ് ബുക്ക് എന്നിവ പരിശോധിച്ച് അഭിമുഖം നടത്തലും വിവരശേഖരണം നടത്തലും
.
അഞ്ചാം ഘട്ടം:
ഫീൽഡ് പരിശോധനയുടെയും ഫയൽ പരിശോധനയുടെയും അടിസ്ഥാനത്തിൽ റിപ്പോർട്ട് തയാറാക്കൽ.

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി വിഭാവനം ചെയ്യുന്നത് എന്തൊക്കെയെന്നും കാര്യക്ഷമമായും ഫലപ്രദമായും ഈ പദ്ധതി എങ്ങനെ നടപ്പിലാക്കാമെന്നും ഗ്രാമപഞ്ചായത്തിനെയും തൊഴിലാളികളെയും ഗ്രാമസഭ അംഗങ്ങളെയും ബോധ്യപ്പെടുത്തുന്നതിനും വേണ്ടിയാണ് ഈ സോഷ്യൽ ഓഡിറ്റ്.

സോഷ്യൽ ഓഡിറ്റ്

മറ്റു പദ്ധതിയിൽ നിന്നും തൊഴിലുറപ്പ് പദ്ധതിയെ വ്യത്യസ്തമാക്കുന്നത് സോഷ്യൽ ഓഡിറ്റ് ആണ്. തൊഴിലുറപ്പ് നിയമം 17(2) വകുപ്പിൽ തൊഴിലുറപ്പ് പദ്ധതിയിലൂടെ ഏറ്റെടുത്ത എല്ലാ പ്രവർത്തികളും സംബന്ധിച്ച് സോഷ്യൽ ഓഡിറ്റ് ഗ്രാമസഭ കൃത്യമായ ഇടവേളകളിൽ നടത്തണമെന്നും സുതാര്യത ഉറപ്പു വരുത്തണമെന്നും അനുശാസിക്കുന്നു. സോഷ്യൽ ഓഡിറ്റിനു വേണ്ട സൗകര്യങ്ങൾ ചെയ്തു കൊടുക്കുക, രജിസ്റ്ററുകളും റെക്കോർഡുകളും ലഭ്യമാക്കുക, എന്നിവ ഗ്രാമപഞ്ചായത്തിന്റെ ചുമതലകൾ ആണ്.

ഗ്രാമസഭകൾ ആണ് സോഷ്യൽ ഓഡിറ്റ് വേദികൾ ഗ്രാമസഭ ആറുമാസത്തിലൊരിക്കൽ നിർബന്ധമായും സോഷ്യൽ ഓഡിറ്റ് നടത്തിയിരിക്കണം. സംസ്ഥാന സർക്കാർ സോഷ്യൽ ഓഡിറ്റ് നടത്തേണ്ട രീതിയെ സംബന്ധിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. സോഷ്യൽ ഓഡിറ്റ് ഗ്രാമസഭയുടെ വിജയം ജനങ്ങളുടെ പങ്കാളിത്തമാണ്. സോഷ്യൽ ഓഡിറ്റ് ഗ്രാമസഭയുടെ തീയതി,അജണ്ട, വേദി എന്നിവ നിശ്ചയിച്ച 7 ദിവസം മുൻപ് ജനങ്ങൾക്ക് വിവരം നൽകിയിരിക്കണം. പദ്ധതിയുടെ ആസൂത്രണം, നിർവ്വഹണം മോണിറ്ററിംഗ്, തുടങ്ങി ചുമതലകൾ ഉള്ള എല്ലാ വ്യക്തികളും സോഷ്യൽ ഓഡിറ്റ് ഗ്രാമസഭയിൽ നിർബന്ധമായും പങ്കെടുക്കണം

ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി സുഗമമായും സുതാര്യമായും സോഷ്യൽ ഓഡിറ്റ് നടത്തുന്നതിന് കേരളത്തിൽ സ്വതന്ത്ര ചുമതലയുള്ള സോഷ്യൽ ഓഡിറ്റ് യൂണിറ്റ്(as per GO (Rt) No.3906/2015/LSGD,Dated 30.12.2015) 31.1.2017 നിലവിൽവന്നു. യൂണിറ്റ് ട്രാവൻകൂർ ചാരിറ്റബിൾ സൊസൈറ്റി നിയമം 1955 (No.TVM/TC/123/2017)പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ളതാണ് .

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമപ്രകാരം പഞ്ചായത്തുകളിൽ നിർബന്ധമായും 7 രജിസ്റ്ററുകൾ സൂക്ഷിക്കേണ്ടതാണ്

1.തൊഴിൽ കാർഡിനുള്ള കുടുംബാപേക്ഷകരുടെ രജിസ്റ്റർ

2. ഗ്രാമസഭ സോഷ്യൽ ഓഡിറ്റ് ഗ്രാമസഭ മീറ്റിംഗ് രജിസ്റ്റർ

3. തൊഴിൽ ആവശ്യപ്പെട്ടതും തൊഴിൽ കൊടുത്തതും സംബന്ധിച്ച് രജിസ്റ്റർ

4. പ്രവർത്തിയുടെ ലിസ്റ്റും ചിലവും വിശദാംശങ്ങളും സംബന്ധിച്ച് രജിസ്റ്റർ

5. സ്ഥിതി ആസ്തികളുടെ രജിസ്റ്റർ

6. സാധന രജിസ്റ്റർ

7 ഗ്രാമസഭ രജിസ്റ്റർ

7 രജിസ്റ്റർ പരിശോധനാ വിശദാംശങ്ങൾ

.▪ജോബ് കാർഡ് രജിസ്റ്റർ

*395 തൊഴിലാളികളുടെ വിശദാംശങ്ങൾ ഉണ്ടായിരുന്നതിൽ 8 തൊഴിലാളികളുടെ ഫോട്ടോ പതിച്ചിട്ടില്ല. 16 തൊഴിലാളികളുടെ ഫോട്ടോ, മറ്റു വിശദംശങ്ങൾ എന്നിവയുടെ രേഹപ്പെടുത്തലുകൾ ഉണ്ടായിരുന്നില്ല.

▪ഡിമാൻഡ് രജിസ്റ്റർ, പേയ്മെന്റ് ഓഫ് അലോക്കേഷൻ ഓഫ് വർക്ക്

*ഓരോ തൊഴിലാളികളുടെയും പേര്, തൊഴിൽ കാർഡ് നമ്പർ, ബാങ്ക് അക്കൗണ്ട് നമ്പർ, എന്നിവ ഉണ്ടായിരുന്നു.

▪വർക്ക് രജിസ്റ്റർ

*354 പ്രവർത്തികളുടെ വിശദ വിവരങ്ങൾ നൽകിയിരുന്നു,

* പ്രവർത്തികൾക്കായി ചിലവായ വിദഗ്ധ അവിദഗ്ധ തൊഴിലാളികളുടെ വേതനവും മെറ്റീരിയലിനു ചെലവായ തുകയും രേഖപ്പെടുത്തിയിട്ടുണ്ടായിരുന്നു.

*2018-19, 2019-20 എന്നീ സാമ്പത്തിക വർഷങ്ങളിലെ രേഖപ്പെടുത്തലുകളും തുടർന്നുള്ള രേഖപ്പെടുത്തലുകളും ഉണ്ടായിരുന്നു.

▪ഫിക്സഡ് അസറ്റ് രജിസ്റ്റർ

*31/3/2018 വരെ പൂർത്തീകരിച്ച പ്രവർത്തികളുടെ വിശദാംശങ്ങൾ ഉണ്ടായിരുന്നു

▪പരാതി രജിസ്റ്റർ

മൂന്ന് പരാതികളാണ് രജിസ്റ്റർ ചെയ്തിട്ടുള്ളത് 4 /11 /2019-ൽ 3 പരാതികളും പരിഹരിച്ചതായി രേഖപ്പെടുത്തിയിട്ടുണ്ട് തുടർന്ന് പരാതികൾ രജിസ്റ്റർ ചെയ്തിട്ടുള്ളതായി കാണുന്നില്ല

▪മെറ്റീരിയൽ രജിസ്റ്റർ

*2018-2019 സാമ്പത്തിക വർഷത്തെ പ്രവർത്തികളുടെ വിശദാംശങ്ങൾ ഉണ്ടായിരുന്നു.

*61 പ്രവർത്തികളിലായി 1022723.142 രൂപ ചിലവായതായി രേഖപ്പെടുത്തിയിരിക്കുന്നു.

▪ഗ്രാമസഭ രജിസ്റ്റർ

* 20/1/2001 മുതലുള്ള ഗ്രാമസഭാ മിനിറ്റ്സ്സുകൾ രേഖപ്പെടുത്തിയിരിക്കുന്നു.

കേന്ദ്രസർക്കാരിന്റെ നിർദ്ദേശപ്രകാരം ഒരു വർക്ക് ഫയലിൽ താഴെ പറയുന്ന രേഖകൾ നിർബന്ധമായും ഉണ്ടാകേണ്ടതാണ്

1) കവർ പേജ്
2) ചെക്ക് ലിസ്റ്റ്
3) ആക്ഷൻ പ്ലാൻ /ഷെൽഫ് ഓഫ് വർക്ക് എന്നിവയുടെ അംഗീകരിച്ച കോപ്പി
4) സാങ്കേതികഎസ്റ്റിമേറ്റുംഡിസൈനും അടങ്ങുന്ന സാങ്കേതികഅനുമതിയുടെകോപ്പി
5) ഭരണാനുമതിയുടെ കോപ്പി
6) സങ്കേതികാനുമതിയുടെ കോപ്പി
7) സംയോജിത പദ്ധതി വിശദാംശങ്ങൾ
8) തൊഴിലാളികൾ തൊഴിൽ ആവശ്യപ്പെട്ടുകൊണ്ടുള്ള അപേക്ഷ
9) തൊഴിൽ അനുവദിച്ചുകൊണ്ടുള്ള രേഖയുടെ കോപ്പി
10) പൂരിപ്പിച്ച മാസ്റ്ററോൾ കോപ്പി
11) മെഷർമെൻറ് ബുക്കിന്റെ കോപ്പി
12) സാധനങ്ങൾ വാങ്ങുന്നതിനുള്ള ക്വാട്ടേഷൻ ക്ഷണിച്ചതിന്റെയും കംപാരിറ്റീവ് സ്റ്റേറ്റ്മെൻറന്റിയും മെറ്റീരിയൽ സപ്ലൈ ഓർഡർന്റെയും കോപ്പി
13) വേജ് ലിസ്റ്റ്
14) വേതനത്തിന്റെയും സാധനങ്ങൾക്ക് പണമടച്ചതിന്റെയും FTO യുടെയും കോപ്പി
15) മെറ്റീരിയൽ വൗച്ചറിന്റെയും ബില്ലുകളുടെയും കോപ്പി
16) റോയലിറ്റി അടച്ചതിന്റെ രസീതിന്റെ കോപ്പി
17) തൊഴിലിന്റെ മൂന്ന് ഘട്ടങ്ങളിലുള്ള ഫോട്ടോകൾ
18) പ്രവൃത്തി പൂർത്തീകരണ സർട്ടിഫിക്കറ്റിന്റെ കോപ്പി
19) മസ്റ്റർ റോൾ മൂവ്മെൻറ് സ്ലിപ്പ്
20) ആസ്തിയുടെ ജിയോ ടാഗ്ഡ് ഫോട്ടോകൾ
21) സോഷ്യൽ ഓഡിറ്റ് റിപ്പോർട്ടിന്റെ കോപ്പി
22) സൈറ്റ് ഡയറി

വാർഡിൽ ഓഡിറ്റിന് വിധേയമാക്കിയ പ്രവർത്തികൾ

നമ്പർ	പ്രവർത്തിയുടെ പേര്	വർക്ക് കോഡ്	ആരംഭിച്ച തീയതി	അവസാനിച്ച തീയതി	ചിലവായ തുക
1.	കുഴിഞ്ഞാൻവിള മുതൽ അയണിയറത്തല വരെ ചാനൽ പുനരുദ്ധാരണം	IC-218038	14/1/19	19/2/19	160267
2.	തേരി വിള കട്ടം കവർ മുതൽ പുത്തൻവീട് വരെ ചാനൽ പുനരുദ്ധാരണം	IC218037	14/1/19	14/2/19	194322
3.	മച്ചി കുളം നീർച്ചാൽ പുനരുദ്ധാരണം	Wc312021	7/9/18	1/10/18	72900
4.	മൂഞ്ഞമരത്തല നീർച്ചാൽ പുനരുദ്ധാരണം	Wc312029	14/1/19	21/1/19	74517
5.	വാഴ ങ്ങൽ നീർച്ചാൽ പുനരുദ്ധാരണം	Wc312026	7/9/18	1/10/18	80332
6.	വേങ്കോട്ടുകുളം നീർച്ചാൽ പുനരുദ്ധാരണം	Wc312020	7/9/18	7/10/18	78104
7.	ആയുർ കുളം നീർച്ചാൽ	Wc312022	7/9/18	31/10/18	80038
8.	കോണത്ത് കോണം നീർച്ചാൽ പുനരുദ്ധാരണം	Wc312024	7/9/18	27/9/18	76510
9.	കോണത്ത് കുളം പുനരുദ്ധാരണം	Wc299724	7/9/18	17/10/18	138387
10.	മച്ചി നീർച്ചാൽ പുനരുദ്ധാരണം	Wc312027	7/9/18	1/10/18	91544
11.	വാഴ ങ്ങൽ കുളം തോട് പുനരുദ്ധാരണം	Wc312015	14/1/19	3/2/19	139296
12.	പുലിയൂർ കുളം മുതൽ അയണിയറതലവരെ ചാനൽ പുനരുദ്ധാരണം	Wc218035	14/1/19	3/2/19	126189
13.	അയണിയറത്തല നീർച്ചാൽ പുനരുദ്ധാരണം	Wc312028	14/1/19	19/2/19	77475
14.	മൂഞ്ഞമരത്തല മുതൽ അയണിയറത്തല വരെ ചാനൽ പുനരുദ്ധാരണം	Wc218036	14/1/19	14/2/19	138405

I15.	പുലിയൂർ കുളം നീർച്ചാൽ പുനരുദ്ധാരണം	Wc312025	7/9/18	26/9/18	75422
16.	വടവുകുളം പുനരുദ്ധാരണം	Wc299732	27/2/19	27/3/19	262284
17.	വലിയകുളം നീർച്ചാൽ പുനരുദ്ധാരണം	Wc312023	7/9/18	8/11/18	88571
18.	വലിയകുളം പുനരുദ്ധാരണം	Wc299726	7/9/18	15/10/18	86832
19.	മണ്ണ് ജലസംരക്ഷണം	Wc345130	7/3/19	23/6/19	433467
20.	മണ്ണ് ജലസംരക്ഷണം	Wc321639	16/11/18	17/12/18	435037
21.	മണ്ണ് ജലസംരക്ഷണം	Wc321640	16/11/18	27/12/18	432413
22.	മണ്ണ് ജലസംരക്ഷണം	Wc321637	16/11/18	17/12/18	433524
23.	മണ്ണ് ജലസംരക്ഷണം	Wc321638	16/11/18	2/1/19	426274

പ്രവർത്തിയുടെ വിശദാംശങ്ങളിലേക്ക്

നമ്പർ	പ്രവർത്തിയുടെ പേര്	വർക്ക് കോഡ്	ഗുണഭോക്താവിന്റെ പേര്
1.	കിണർ നിർമ്മാണം	Wc331947	ഗീതാകുമാരി
2.	കിണർ നിർമ്മാണം	Wc331948	അനിത
3.	കിണർ നിർമ്മാണം	Wc331950	ശശികല
4.	കിണർ നിർമ്മാണം	Wc331954	വസന്ത
5.	കക്കൂസ് നിർമ്മാണം	Wc311065	ലളിത

കിണർ നിർമാണം

ഫയൽ

• നിയമപ്രകാരം ഫയലിൽ ഉൾക്കൊള്ളിക്കേണ്ട രേഖകളിൽ വേജ് ലിസ്റ്റ് ഒഴികെ ഉള്ളവ ഉണ്ടായിരുന്നു,

• എ എം സി പ്രകാരമുള്ള കവർ പേജ് ഉണ്ടായിരുന്നു, എന്നാൽ അപൂർണ്ണം ആയിരുന്നു

• ചെക്ക് ലിസ്റ്റിൽ പേജ് നമ്പർ രേഖപ്പെടുത്തിയിട്ടില്ല .

• അവിദഗ്ധ, അർദ്ധ വിദഗ്ധ മസ്റ്റർ റോളുകൾ ഉണ്ടായിരുന്നു, വിദഗ്ധ, അർത്ഥ വിദഗ്ധ തൊഴിലാളികളുടെ ആധാർ ഉണ്ട്. തൊഴിലാളിയുടെ കരംതീർത്ത രസീത്, പാസ്സ് ബുക്ക് പകർപ്പ് എന്നിവ ഫയലിൽ ഉൾക്കൊള്ളിച്ചിരുന്നു.

• പ്രവർത്തിയുടെ 3ഘട്ടങ്ങളുടെ ഫോട്ടോ ഉണ്ടായിരുന്നു

• സാങ്കേതിക അനുമതി, ഭരണാനുമതി എന്നിവ ഉണ്ടായിരുന്നു.

• ആവശ്യമായ സാക്ഷ്യപ്പെടുത്തലുകൾ ഉണ്ടെങ്കിലും തീയതി രേഖപ്പെടുത്തിയിട്ടില്ല

•പ്രവർത്തി പൂർത്തീകരിച്ച സർട്ടിഫിക്കറ്റ് ഉണ്ടായിരുന്നു.

ഫീൽഡ്

• കിണർ നിർമ്മാണത്തിന് 17 ദിവസം വരെയുള്ള മസ്റ്റർറോളുകൾ ഗുണഭോക്താക്കൾക്ക് ലഭിച്ചിട്ടുണ്ട്.

• നിർമാണം പൂർത്തിയായ കിണറുകൾ കാണാൻ സാധിച്ചു.

* കിണർ Wc 331948എം ബുക്ക് പ്രകാരം 12 മീറ്റർ ആണ് രേഖപ്പെടുത്തിയിരിക്കുന്നത് ഫീൽഡ് തല പരിശോധനയിൽ8.5മീറ്റർ മാത്രമേ കാണാൻ സാധിച്ചുള്ളൂ.

* കിണർ Wc 331954 എം ബുക്ക് പ്രകാരം 15 മീറ്റർ ആണ് രേഖപ്പെടുത്തിയിരിക്കുന്നത് ഫീൽഡ് തല പരിശോധനയിൽ പ്രസ്തുത അളവിൽ തന്നെ പ്രവർത്തി കാണാൻ സാധിച്ചു.

* കിണർ Wc 331950 എം ബുക്ക് പ്രകാരം 16 മീറ്റർ ആണ് .രേഖപ്പെടുത്തിയിരിക്കുന്നത് ഫീൽഡ് തല പരിശോധനയിൽ14.5മീറ്റർ മാത്രമേ കാണാൻ സാധിച്ചുള്ളൂ.

* കിണർ Wc 331954എം ബുക്ക് പ്രകാരം 16 മീറ്റർ ആണ് രേഖപ്പെടുത്തിയിരിക്കുന്നത് ഫീൽഡ് തല പരിശോധനയിൽ പ്രസ്തുത അളവിൽ തന്നെ പ്രവർത്തി കാണാൻ സാധിച്ചു.

• സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് ഉണ്ടായിരുന്നു.

• മസ്റ്റർറോൾ കൃത്യമായി രേഖപ്പെടുത്തിയിട്ടുണ്ട് എന്ന് ഗുണഭോക്താക്കൾ പറഞ്ഞു.

കക്കൂസ് നിർമ്മാണം

ഫയൽ

• ഫയലിൽ ഉൾക്കൊള്ളേണ്ടതായ രേഖകളിൽ വേജ് ലിസ്റ്റ് ഒഴികെയുള്ളവ ഉണ്ടായിരുന്നു

• തൊഴിലാളികളുടെ ആധാർ, കരം തീർത്ത രസീത് പകർപ്പ്, പാസ്ബുക്ക് പകർപ്പ് എന്നിവ ഫയലിൽ ഉണ്ടായിരുന്നു, വിദഗ്ധ അർത്ഥ വിദഗ്ധ തൊഴിലാളികളുടെ വിവരങ്ങൾ ഫയലിൽ ഉൾപ്പെടുത്തിയിട്ടുണ്ട്

• 4 ദിവസം വരെയുള്ള മസ്റ്റ്റോളുകൾ ഗുണഭോക്താക്കൾക്ക് ലഭിച്ചിട്ടുണ്ട്.

ഫീൽഡ്

• നിർമ്മാണം പൂർത്തിയായവയാണ് കാണാൻ കഴിഞ്ഞത്, ഗുണഭോക്താവിന് ഉപയോഗപ്രദമായ രീതിയിൽ ആണ് നിർമാണം നടത്തിയിട്ടുള്ളത്.

• സി ഐ ബി ഉണ്ടായിരുന്നു

കുഴിഞ്ഞാൻവിള മുതൽ അയണിയറത്തല വരെ ചാനൽ പുനരുദ്ധാരണം IC - 218038

ഫയൽ

• നിയമപ്രകാരം ഫയലിൽ ഉൾക്കൊള്ളേണ്ടതായ രേഖകളിൽ വേജ്‌ലിസ്റ്റ് ഒഴികെ ഉള്ളവ ഉണ്ടായിരുന്നു. എ എം സി പ്രകാരമുള്ള കവർ പേജ് ഉണ്ടായിരുന്നു എന്നാൽ പൂർണ്ണം ആയിരുന്നില്ല •

• 46 പേരാണ് ഡിമാൻഡ് ചെയ്തിരിക്കുന്നത്, തൊഴിൽ ഉപകരണങ്ങളുടെ വാടക രേഖപ്പെടുത്തിയിട്ടുണ്ട്, ചെക്ക് ലിസ്റ്റ് ഉണ്ടായിരുന്നെങ്കിലും പേജ് നമ്പർ രേഖപ്പെടുത്തിയിട്ടില്ല

• എം ബുക്കിൽ സാക്ഷ്യപ്പെടുത്തലുകൾ ഉണ്ട്.

• 4 പിരീഡ് മസ്റ്ററോളുകൾ ഉണ്ട്.

ഫീൽഡ്

• എം ബുക്കിൽ 750 മീറ്റർ ആണ് രേഖപ്പെടുത്തിയിരിക്കുന്നത് ഫീൽഡ് തല പരിശോധനയിൽ പറഞ്ഞിരിക്കുന്ന അളവിൽ തന്നെയാണ് പ്രവർത്തി നടപ്പിലാക്കിയിട്ടുള്ളത് ആയി മനസ്സിലാക്കാൻ സാധിച്ചു.

• സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് കാണാൻ സാധിച്ചുവെകിലും കമഴ്ന്നു കിടക്കുന്ന നിലയിലാണ് കണ്ടത്

• ഭാഗികമായി കാടുകയറിയ നിലയിൽ ആണ് കാണാൻ സാധിച്ചത്

തേരിവിള കട്ടംകവർ മുതൽ പുത്തൻവീട് വരെ ചാനൽ പുനരുദ്ധാരണം IC - 218037

ഫയൽ

• നിയമപ്രകാരം ഫയലിൽ ഉൾക്കൊള്ളേണ്ടതായ രേഖകളിൽ വേജ് ലിസ്റ്റ് ഒഴികെയുള്ളവ ഉണ്ടായിരുന്നു

•എ എം സി പ്രകാരമുള്ള കവർ പേജ് ഉണ്ടായിരുന്നു എന്നാൽ പൂർണ്ണമല്ല.

• 61 പേരാണ് ഡിമാൻഡ് ചെയ്തിട്ടുണ്ട് ജനകീയ ഭാഷയിൽ ആയിരുന്നില്ല

• 4 പിരീഡ് മസ്റ്റ് റോളുകൾ ഫയലിൽ ഉണ്ടായിരുന്നു

• സൈറ്റ് ഡയറി ഉണ്ടായിരുന്നു സന്ദർശന കുറിപ്പ് ഉണ്ടായിരുന്നു ചികിത്സയുമായി ബന്ധപ്പെട്ട വിവരങ്ങൾ ഉണ്ടായിരുന്നില്ല.

• മസ്റ്ററോളിൽ അച്ചടിച്ച തീയതിക്കു മുൻപ് വർക്ക് തുടങ്ങിയാതായി കാണാൻ കഴിഞ്ഞു .

ഫീൽഡ്

• എം ബുക്ക് പ്രകാരം 650 മീറ്റർ ആണ് ചെയ്തിരിക്കുന്നത് ഫീൽഡ് തല പരിശോധനയിൽ 350 മീറ്റർ മാത്രമേ കാണാൻ കഴിഞ്ഞുള്ളൂ റോഡ് നവീകരണത്തിന് ഭാഗമായി ചാനലിലെ കുറച്ചുഭാഗം കാണാൻ കഴിഞ്ഞില്ല .

• സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് പ്രസ്തുത പ്രവർത്തിയിൽ കാണാൻ സാധിച്ചുവെകിലും വീണു കിടക്കുന്ന നിലയിലാണ് കണ്ടത്

• ചാനലിന്റെ ഇരുവശവും കാടുകയറിയ നിലയിലാണ് കാണാൻ കഴിഞ്ഞത്

മച്ചികുളം നീർച്ചാൽ പുനരുദ്ധാരണം WC- 312021

ഫയൽ

•ഫയലിൽ ഉൾക്കൊള്ളേണ്ടതായ രേഖകളിൽ വേജ് ലിസ്റ്റ് ഒഴികെയുള്ളവ ഉണ്ടായിരുന്നു.

• എ എം സി പ്രകാരമുള്ള കവർപേജ് ഉണ്ടായിരുന്നെങ്കിലും പൂർണമായിരുന്നില്ല, ചെക്ക് ലിസ്റ്റ് ഉണ്ട് പേജ് നമ്പർ രേഖപ്പെടുത്തിയിട്ടില്ല, 3 സ്റ്റേജ് ഫോട്ടോസ് ഉണ്ട്, ഡീറ്റെയിൽഡ് എസ്റ്റിമേറ്റ് ഉണ്ടായിരുന്നു . ജനകീയ ഭാഷയിൽ ആയിരുന്നില്ല .

•മൂന്ന് പിരീഡ് മസ്റ്റ്റോളുകൾ ഉണ്ടായിരുന്നു

•19 പേരാണ് ഡിമാൻഡ് ചെയ്തിട്ടുള്ളത്

• സൈറ്റ് ഡയറിയിൽ സന്ദർശക കുറുപ്പ് ഉണ്ട്, ചികിത്സയുമായി ബന്ധപ്പെട്ട വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല.

ഫീൽഡ്

• എം ബുക്ക് പ്രകാരം 1070 മീറ്റർ ആണ് ചെയ്തിരിക്കുന്നത് ഫീൽഡ് തല പരിശോധനയിൽ പറഞ്ഞിരിക്കുന്ന അളവിൽ തന്നെയാണ് പ്രവർത്തി നടപ്പിലാക്കിയിട്ടുള്ളത് എന്ന് മനസ്സിലാക്കാൻ സാധിച്ചു.

• സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് പ്രസ്തുത പ്രവർത്തിയിൽ കാണാൻ സാധിച്ചുവെകിലുംതറയിൽ വീണു കിടക്കുന്ന നിലയിലാണ് കണ്ടത്

•നീർ ചാനലിന്റെ ഇരുവശവും ഭാഗീകമായി കാടുകയറി നിലയിലാണ് കാണാൻ കഴിഞ്ഞത്.

മൂഞ്ഞ മറത്തല നീർച്ചാൽ പുനരുദ്ധാരണം WC - 312029

ഫയൽ

• നിയമപ്രകാരമുള്ള രേഖകളിൽ വേജ് ലിസ്റ്റ് ഒഴികെയുള്ളവ ഉണ്ടായിരുന്നു.

• എ എം സി പ്രകാരമുള്ള കവർപേജ് ഉണ്ടെങ്കിലും അപൂർണ്ണം ആയിരുന്നു.

• ചെക്‌ലിസ്റ് പേജ് നമ്പർ രേഖപ്പെടുത്തിയിട്ടില്ല, സൈറ്റ് ഡയറിയിൽ ചികിത്സയുമായി ബന്ധപ്പെട്ട വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല

• രണ്ട് പിരീഡ് മസ്റ്റ്റോളുകൾ ഉണ്ട്

• ഡിമാൻഡ് ഫോം ഉണ്ടായിരുന്നില്ല.

ഫീൽഡ്

• എം ബുക്ക് പ്രകാരം 830 മീറ്റർ ആണ് ചെയ്തിരിക്കുന്നത് ഫീൽഡ് തല പരിശോധനയിൽ പ്രസ്തുത അളവിൽ തന്നെയാണ് പ്രവർത്തി നടപ്പിലാക്കിയിട്ടുള്ളത് എന്ന് മനസ്സിലാക്കാൻ സാധിച്ചു.

• നീർച്ചാലിന്റെ ഇരു ഭാഗങ്ങളും ഭാഗികമായി കാടുപിടിച്ച് നിലയിലാണ് കാണാൻ കഴിഞ്ഞത്

• സി ഐ ബി ഉണ്ടായിരുന്നു വീണു കിടക്കുന്നു .

വാഴങ്ങൽ നീർച്ചാൽ പുനരുദ്ധാരണം WC - 312026

ഫയൽ

• നിയമപ്രകാരമുള്ള രേഖകളിൽ വേജ് ലിസ്റ്റ് ഒഴികെയുള്ളവ ഉണ്ടായിരുന്നു.

• എ എം സി പ്രകാരമുള്ള കവർ പേജ് ഉണ്ടായിരുന്നു, അപൂർണ്ണം ആയിരുന്നു

•ചെക്ക് ലിസ്റ്റ് ഉണ്ടായിരുന്നു പേജ് നമ്പർ രേഖപ്പെടുത്തിയിട്ടില്ല. 3 സ്റ്റേജ് ഫോട്ടോസ് ഉണ്ടായിരുന്നു

• മൂന്ന് പിരീഡ് മസ്റ്റ്റോളുകൾ ഉണ്ടായിരുന്നു.

• 22 തൊഴിലാളികളുടെ ഡിമാൻഡ് ഫോം ഫയലിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്.

ഫീൽഡ്

• എം ബുക്ക് പ്രകാരം 900 മീറ്റർ ആണ് ചെയ്തിരിക്കുന്നത് ഫീൽഡ് തല പരിശോധനയിൽ പറഞ്ഞിരിക്കുന്ന അളവിൽ തന്നെയാണ് പ്രവർത്തി നടപ്പിലാക്കിയിട്ടുള്ളത് എന്ന് മനസ്സിലാക്കാൻ സാധിച്ചു.

• കാടുകയറിയ നിലയിലാണ് നീർച്ചാലിന്റെ ഇപ്പോഴത്തെ അവസ്ഥ

• സി ഐ ബി ഉണ്ടായിരുന്നു

വേങ്കോട്ടകുളം നീർച്ചാൽ പുനരുദ്ധാരണം WC- 312020

ഫയൽ

• നിയമപ്രകാരമുള്ള രേഖകളിൽവേജ് ലിസ്റ്റ് ഒഴികെയുള്ള ഉണ്ടായിരുന്നു കവർപേജ് പൂർണമായിരുന്നില്ല .

• ആക്ഷൻ പ്ലാൻ, ത്രീ സ്റ്റേജ് ഫോട്ടോസ്, സൈറ്റ് ഡയറി ഉണ്ട്

• നാല് പിരീഡ് മാസ്റ്ററോൾ ഉണ്ടായിരുന്നു,(2 /10 /2018) - (3 /10 /2018)തീയതിലെ മസ്റ്റർ റോൾ നമ്പർ 7969 - 7971 ൽ രേഖപ്പെടുത്തലുകൾ ഒന്നും തന്നെ ഇല്ലായിരുന്നു.

• 21 പേരാണ് ഡിമാൻഡ് ചെയ്തിട്ടുള്ളത്.

ഫീൽഡ്

• എം ബുക്ക് പ്രകാരം 651 മീറ്റർ ആണ് ചെയ്തിരിക്കുന്നത് ഫീൽഡ് തല പരിശോധനയിൽ പറഞ്ഞിരിക്കുന്ന അളവിൽ തന്നെയാണ് പ്രവർത്തി നടപ്പിലാക്കിയിട്ടുള്ളത് എന്ന് മനസ്സിലാക്കാൻ സാധിച്ചു.

• നീർച്ചാൽ നല്ല രീതിയിൽ സംരക്ഷിക്കപ്പെടുന്നു

• സി ഐ ബി ഉണ്ടായിരുന്നു

ആയുർ കുളം നീർച്ചാൽ പുനരുദ്ധാരണം WC- 312022

ഫയൽ

• ഫയലിൽ ഉൾക്കൊള്ളേണ്ടതായ് രേഖകളിൽ വേജ് ലിസ്റ്റ് ഒഴികെയുള്ളവ ഉണ്ടായിരുന്നു.

• ആക്ഷൻ പ്ലാൻ ഉണ്ട്, AMC പ്രകാരമുള്ള കവർ പേജ് ഉണ്ടായിരുന്നു എന്നാൽ പൂർണമായിരുന്നില്ല.

• 20 തൊഴിലാളികളുടെ ഡിമാൻഡ് ഫോം ഫയലിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്.

• നാല് പിരീഡ് മസ്റ്റ് റോളുകൾ , ത്രീ സ്റ്റേജ് ഫോട്ടോസ് ഫയലുകൾ കൊള്ളിച്ചിട്ടുണ്ട്, ചെക്ക് ലിസ്റ്റ് ഉണ്ട് പേജ് നമ്പർ രേഖപ്പെടുത്തിയിട്ടില്ല.

ഫീൽഡ്

• എം ബുക്ക് പ്രകാരം 1000മീറ്റർ ആണ് ചെയ്തിരിക്കുന്നത് ഫീൽഡ് തല പരിശോധനയിൽ പറഞ്ഞിരിക്കുന്ന അളവിൽ തന്നെയാണ് പ്രവർത്തി നടപ്പിലാക്കിയിട്ടുള്ളത് എന്ന് മനസ്സിലാക്കാൻ സാധിച്ചു.

• നീർച്ചാൽ നല്ല രീതിയിൽ സംരക്ഷിക്കപ്പെടുന്ന ഉണ്ട്

• സി ഐ ബി ഉണ്ടായിരുന്നു.

കോണത്ത് കോണം നീർച്ചാൽ പുനരുദ്ധാരണം WC- 312024

ഫയൽ

• നിയമപ്രകാരം ഫയലിലുള്ള രേഖകളിൽ വേജ് ലിസ്റ്റ് ഒഴികെയുള്ളവ ഉണ്ടായിരുന്നു 3 സ്റ്റേജ് ഫോട്ടോസ് ഉൾക്കൊള്ളിച്ചിട്ടുണ്ട്.

• 3 പിരീഡ് മസ്റ്ററോൾ ഉണ്ട്

• പണിയായുധങ്ങളുടെ കണക്ക്, വർക്ക് കംപ്ലീഷൻ സർട്ടിഫിക്കറ്റ് എന്നിവ ഉണ്ടായിരുന്നു

• 24 തൊഴിലാളികളാണ് ഡിമാൻഡ് ചെയ്തിട്ടുള്ളത്.

ഫീൽഡ്

• എം ബുക്ക് പ്രകാരം 960മീറ്റർ ആണ് ചെയ്തിരിക്കുന്നത് ഫീൽഡ് തല പരിശോധനയിൽ പറഞ്ഞിരിക്കുന്ന അളവിൽ തന്നെയാണ് പ്രവർത്തി നടപ്പിലാക്കിയിട്ടുള്ളത് എന്ന് മനസ്സിലാക്കാൻ സാധിച്ചു.

• നീർച്ചാൽ ഇരുവശവും ഭാഗികമായി കാടുകയറിയ നിലയിലാണ് കാണാൻ കഴിഞ്ഞത്

• സി ഐ ബി ഉണ്ടായിരുന്നു.

കോണത്തുകുളം പുനരുദ്ധാരണം WC- 299724



ഫയൽ

• നിയമപ്രകാരം ഫയലിൽ ഉൾക്കൊള്ളുന്നതായി രേഖകളിൽ വേജ് ലിസ്റ്റ് ഒഴികെയുള്ള ഉണ്ടായിരുന്നു

• വർക്ക് കംപ്ലീഷൻ സർട്ടിഫിക്കറ്റ്, എ എം സി പ്രകാരമുള്ള കവർ പേജ് ഉണ്ടായിരുന്നു, അപൂർണ്ണം ആയിരുന്നു.

• അഞ്ച് പിരീഡ് മസ്റ്ററോൾ ഉണ്ട്.

• 7890 -97 പീരിയഡ് മാസ്റ്ററോൾ തൊഴിലാളികളുടെ ഒപ്പ് രേഖപ്പെടുത്തിയതിന് പുറത്തായി വെട്ടി ഇരിക്കുന്നതായി ആണ് കാണാൻ സാധിച്ചത് .

ഫീൽഡ്

• എം ബുക്ക് പ്രകാരം 1000മീറ്റർ ആണ് ചെയ്തിരിക്കുന്നത് ഫീൽഡ് തല പരിശോധനയിൽ പറഞ്ഞിരിക്കുന്ന അളവിൽ തന്നെയാണ് പ്രവർത്തി നടപ്പിലാക്കിയിട്ടുള്ളത് എന്ന് മനസ്സിലാക്കാൻ സാധിച്ചു.

• ജനങ്ങൾക്ക് ഉപയോഗപ്രദമാകും വിധം ആണ് കുളം ചെയ്തിരിക്കുന്നത്.

• സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് ഉണ്ടായിരുന്നു എന്നാൽ വർക്ക് കോഡ് തെറ്റായിട്ടാണ് രേഖപ്പെടുത്തിയിരിക്കുന്നത് .

മച്ചി നീർച്ചാൽ പുനരുദ്ധാരണം WC- 312027

ഫയൽ

• നിയമപ്രകാരം ഫയലിൽ ഉണ്ടാകേണ്ട രേഖകളിൽ വേജ് ലിസ്റ്റ് ഒഴികെയുള്ള ഉണ്ടായിരുന്നു.

• എ എം സി പ്രകാരമുള്ള കവർപേജ് ഉണ്ടായിരുന്നെങ്കിലും അപൂർണ്ണം ആയിരുന്നു

• മൂന്ന് പീരീഡ് മസ്റ്റ്റോളുകൾ ഉണ്ടായിരുന്നു.

• വർക്ക് കംപ്ലീഷൻ സർട്ടിഫിക്കറ്റ് ഉണ്ട്.

ഫീൽഡ്

• എം ബുക്ക് പ്രകാരം 960മീറ്റർ ആണ് ചെയ്തിരിക്കുന്നത് ഫീൽഡ് തല പരിശോധനയിൽ പറഞ്ഞിരിക്കുന്ന അളവിൽ തന്നെയാണ് പ്രവർത്തി നടപ്പിലാക്കിയിട്ടുള്ളത് എന്ന് മനസ്സിലാക്കാൻ സാധിച്ചു.

• നീർച്ചാൽ ഭാഗികമായി കാട് പിടിച്ച രീതിയിൽ കാണാൻ കഴിഞ്ഞത്

• പ്രസ്തുത പ്രവർത്തിയുമായി ബന്ധപ്പെട്ട സി ഐ ബി ഉണ്ടെങ്കിലും പ്രവർത്തി ചെയ്ത് സ്ഥലത്തല്ല ബോർഡ് സ്ഥാപിച്ചിരിക്കുന്നത്.

വാഴങ്ങൽകുളം തോട് പുനരുദ്ധാരണം WC- 312025

ഫയൽ

• എ എം സി പ്രകാരമുള്ള കവർ പേജ് ഉണ്ടായിരുന്നു അപൂർണ്ണമായിരുന്നു.

• 49 പേർ ഡിമാൻഡ് ചെയ്തിട്ടുള്ള ഫോം ഫയൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്

• മൂന്ന് പിരീഡ് മസ്റ്റ്റോളുകൾ ഉണ്ട് .

• സൈറ്റ് ഡയറിയിൽ ചികിത്സയുമായി ബന്ധപ്പെട്ട വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല സന്ദർശകകുറുപ്പ് ഉണ്ട് .

ഫീൽഡ്

• എം ബുക്ക് പ്രകാരം 830 മീറ്ററിലാണ് പ്രവർത്തി ചെയ്തിരിക്കുന്നത് , ഫീൽഡ് തല പരിശോധനയിൽ അതേ അളവിൽ തന്നെ പ്രവർത്തി ചെയ്തിരിക്കുന്നതായി മനസ്സിലായി

• സി ഐ ബി മറഞ്ഞു കിടക്കുന്ന രീതിയിലാണ് കാണാൻ കഴിഞ്ഞത്.

പുലിയൂർ കുളം മുതൽ അയനിയറത്തല ചാനൽ പുനരുദ്ധാരണം WC- 218035

ഫയൽ

• കവർ പേജ് ഉണ്ടായിരുന്നു. എന്നാൽ പൂർണമായ രേഖപ്പെടുത്തലുകൾ ഉണ്ടായിരുന്നില്ല

• ചെക്ക് ലിസ്റ്റ് ആക്ഷൻ പ്ലാൻ എന്നിവ ഉണ്ടായിരുന്നു

• ഡിമാൻഡ് ഫോമിൽ ആകെ 47 പേർ പ്രവർത്തി ആവശ്യപ്പെട്ടു.

• ഭരണാനുമതി ,സാങ്കേതികാനുമതി രേഖ എന്നിവ സാക്ഷ്യപ്പെടുത്തലോടുകൂടി ഉണ്ടായിരുന്നു. സൈറ്റ് ഡയറിയിൽ തൊഴിൽ ഉപകരണങ്ങളുടെ വാടക, ചികിത്സാചെലവ് സംബന്ധിച്ച് രേഖപ്പെടുത്തലുകൾ ഉണ്ടായിരുന്നില്ല

ഫീൽഡ്

• എം ബുക്ക് പ്രകാരം 560 മീറ്റർ രേഖപ്പെടുത്തിയിരുന്നു ,ഫീൽഡ് തല പരിശോധനയിൽ പ്രസ്തുത അളവിൽ തന്നെയാണ് പ്രവർത്തി നടന്നിട്ടുള്ളത് .

• പ്രവർത്തി ചെയ്ത സ്ഥലം കാടുപിടിച്ച നിലയിലായിരുന്നു

• സിറ്റിസൺ ഇൻഫോർമേഷൻ ബോർഡ് സ്ഥാപിച്ചിട്ടുണ്ടായിരുന്നു, ചാനലിൻ ഉള്ളിൽ വീണുകിടക്കുന്ന നിലയിലാണ് കാണാൻ കഴിഞ്ഞത്

മൂഞ്ഞ മറത്തല മുതൽ അയണിയറ തലവരെ ചാനൽ പുനരുദ്ധാരണം WC -218036

ഫയൽ

• എ എം സി പ്രകാരമുള്ള കവർ പേജ് ഉണ്ടായിരുന്നു. എന്നാൽ പൂർണമായ രേഖപ്പെടുത്തലുകൾ ഉണ്ടായിരുന്നില്ല

• ഭരണാനുമതി ,സാങ്കേതിക അനുമതി രേഖ എന്നിവ സാക്ഷ്യപ്പെടുത്തലോടുകൂടി ഉണ്ടായിരുന്നു.

•വേജ് ലിസ്റ്റ് ഉൾപ്പെടുത്തിയിരുന്നില്ല പകരംവേജ് ലിസ്റ്റ് പ്രകാരം ഉള്ള എഫ് ടി ഒ ആണ് ഉൾപ്പെടുത്തിയിരുന്നത്

•പ്രവർത്തിയുടെ വിവിധ ഘട്ടങ്ങളിൽ ഉള്ള ഫോട്ടോ ഉൾപ്പെടുത്തിയിട്ടുണ്ട്

•സൈറ്റ് ഡയറിയിൽ ചെക്ക് ലിസ്റ്റ്, പ്രോജക്ട് മീറ്റിംഗ്, തൊഴിൽ ഉപകരണങ്ങളുടെ വാടക, വിജിലൻസ് റിപ്പോർട്ട്, സന്ദർശക കുറിപ്പ് എന്നിവ ഉണ്ടായിരുന്നു.
എന്നാൽ ചികിത്സ ചിലവിനെ കുറിച്ച് പരാമർശിച്ചിട്ടില്ല

ഫീൽഡ്

• എം ബുക്ക് പ്രകാരം 850 മീറ്റർ ആണ് രേഖപ്പെടുത്തിയിരിക്കുന്നത്പ്രസ്തുത അളവിൽ തന്നെയാണ് പ്രവർത്തി നടന്നിരിക്കുന്നത് .

•പ്രവർത്തി ചെയ്തിരിക്കുന്ന സ്ഥലം കാടുകയറിയ നിലയിലായിരുന്നു

•സിറ്റിസൺ ഇൻഫോർമേഷൻ ബോർഡ് ഉണ്ടായിരുന്നില്ല

പുലിയൂർ കുളം നീർച്ചാൽ പുനരുദ്ധാരണം WC-312025

ഫയൽ

• എ എം സി പ്രകാരമുള്ള കവർ പേജ് ഉണ്ടായിരുന്നു എന്നാൽ അപൂർണമായിരുന്നു

• ചെക്ക് ലിസ്റ്റ് ഉണ്ട് എന്നാൽ പേജ് നമ്പർ രേഖപ്പെടുത്തിയിരുന്നില്ല

•ഭരണാനുമതി സാങ്കേതിക അനുമതി രേഖ എന്നിവ സാക്ഷ്യപ്പെടുത്തലോടുകൂടി ഉണ്ടായിരുന്നു

• പ്രവർത്തിയുടെ വിവിധ ഘട്ടങ്ങളുടെ ഫോട്ടോ ഉണ്ടായിരുന്നു

•പ്രസ്തുത തൊഴിലിന്റെ രേഖ ചിത്രം ഉണ്ടായിരുന്നു

•25 തൊഴിലാളികൾ ചേർന്ന് അപേക്ഷിച ഡിമാൻഡ് ഫോം ഉണ്ടായിരുന്നു

• സൈറ്റ് ഡയറിയിൽ തൊഴിൽ ഉപകരണങ്ങളുടെ വാടക ഉണ്ടായിരുന്നു എന്നാൽ ചികിത്സ ചിലവിനെ കുറിച്ച് പരാമർശിച്ചിട്ടില്ല

ഫീൽഡ്

• എം ബുക്ക് പ്രകാരം 590 മീറ്ററിലാണ് പ്രവർത്തി രേഖപ്പെടുത്തിയിരിക്കുന്നത്.
പ്രസ്തുത അളവിൽ തന്നെയാണ് പ്രവർത്തി ചെയ്തിരിക്കുന്നത്

• നീർചാനലിന്റെ ഇരുവശവും കാട് കേറി നിലയിൽ ആണ് കാണാൻ സാധിച്ചത്

• സി ഐബി വീണ നിലയിലായിരുന്നു കാണുവാൻ കഴിഞ്ഞത്.

അയണിയറത്തല നീർച്ചാൽ പുനരുദ്ധാരണം WC - 312028

ഫയൽ

• കവർ പേജ് ഉണ്ടായിരുന്നു എന്നാൽ പൂർണമായ രേഖപ്പെടുത്തലുകൾ ഉണ്ടായിരുന്നില്ല

•ചെക്ക് ലിസ്റ്റ് ഉണ്ടായിരുന്നു എന്നാൽ പേജ് നമ്പർ രേഖപ്പെടുത്തിയിരുന്നില്ല

• 30 പേർ അപേക്ഷിച്ച ഡിമാൻഡ് ഫോം ഉണ്ടായിരുന്നു.

• ഭരണാനുമതി സാങ്കേതിക അനുമതി രേഖ എന്നിവ സാക്ഷ്യപ്പെടുത്തലോടുകൂടി ഉണ്ടായിരുന്നു
പ്രസ്തുത പ്രവർത്തിയുടെ രേഖാചിത്രം ഉണ്ടായിരുന്നു

•പ്രവർത്തിയുടെ വിവിധഘട്ടങ്ങളിൽ ഉള്ള ഫോട്ടോ ഉൾപ്പെടുത്തിയിരുന്നു

•സൈറ്റ് ഡയറിയിൽ ചെക്ക് ലിസ്റ്റ്, പ്രോജക്ട് മീറ്റിംഗ്, തൊഴിൽ ഉപകരണങ്ങളുടെ വാടക,
തൊഴിലാളികളുടെ സാക്ഷിപത്രം, സന്ദർശക കുറിപ്പ് എന്നിവ ഉണ്ടായിരുന്നു
എന്നാൽ വിജിലൻസ് റിപ്പോർട്ട്, ചികിത്സാച്ചെലവ് എന്നതിനെക്കുറിച്ച് പരാമർശിച്ചിട്ടില്ല

ഫീൽഡ്

• എം ബുക്ക് പ്രകാരം 630 മീറ്ററിലാണ് പ്രവർത്തി രേഖപ്പെടുത്തിയിരിക്കുന്നത്.
പ്രസ്തുത അളവിൽ തന്നെയാണ് പ്രവർത്തി ചെയ്തിരിക്കുന്നത്

• പ്രവർത്തി ചെയ്ത സ്ഥലം ഭാഗികമായി കാടുകയറിയ നിലയിലായിരുന്നു

•സിഐ ബി വീണുകിടന്ന നിലയിലാണ് കാണാൻ കഴിഞ്ഞത്

വടവുകുളം പുനരുദ്ധാരണം WC- 299732

ഫയൽ

• കവർ പേജ് ഉണ്ടായിരുന്നു എന്നാൽ പൂർണമായി രേഖപ്പെടുത്തലുകൾ ഉണ്ടായിരുന്നില്ല.

• ചെക്ക് ലിസ്റ്റ് ഉണ്ടായിരുന്നു എന്നാൽ പേജ് നമ്പർ രേഖപ്പെടുത്തിയിരുന്നില്ല.

• പ്രവർത്തി പൂർത്തീകരണം സർട്ടിഫിക്കറ്റ് സാക്ഷ്യപ്പെടുത്തലോടുകൂടി ഉണ്ടായിരുന്നു

• 55 പേർ ചേർന്ന് അപേക്ഷിച്ച ഡിമാൻഡ് ഫോo ഉണ്ടായിരുന്നു

•പ്രവർത്തിയുടെ വിവിധ ഘട്ടങ്ങളിൽ ഉള്ള ഫോട്ടോ ഉൾപ്പെടുത്തിയിരുന്നു

•സൈറ്റ് ഡയറിയിൽ ചെക്ലിസ്റ്, പ്രോജക്റ്റ് മീറ്റിംഗ്, തൊഴിൽ ഉപകരണങ്ങളുടെ വാടക, തൊഴിലാളികളുടെ സാക്ഷിപത്രം, വിജിലൻസ് റിപ്പോർട്ട് എന്നിവ ഉൾപ്പെടുത്തിയിരുന്നു

ഫീൽഡ്

• എം ബുക്ക് പ്രകാരം 880 മീറ്റർ ആണ് രേഖപ്പെടുത്തിയിരുന്നത്.
പ്രസ്തുത അളവിൽ തന്നെയാണ് പ്രവർത്തി പൂർത്തിയാക്കിയിരിക്കുന്നത്

• പ്രസ്തുത പ്രവർത്തിയുടെ സി ഐ ബി സ്ഥാപിച്ചിട്ടുണ്ട്. കുളം പായൽ നിറഞ്ഞ രീതിയിൽ ആണ് കാണാൻ കഴിഞ്ഞത് .

• വാർഡ് 6 ചെങ്കവിളയിൽ നിന്ന് തൊഴിലാളികൾ കടമെടുത്തു ചെയ്ത പ്രവർത്തിയാണ് ഇതെന്ന് മനസ്സിലാക്കാൻ സാധിച്ചു.

വലിയകുളം നീർച്ചാൽ പുനരുദ്ധാരണം Wc-312023

ഫയൽ

• കവർപേജ് ഉണ്ടായിരുന്നു എന്നാൽ പൂർണമായ വിവരങ്ങൾ രേഖപ്പെടുത്തിയിരുന്നില്ല

• ചെക്ക് ലിസ്റ്റ് ഉണ്ടായിരുന്നു എന്നാൽ പേജ് നമ്പർ രേഖപ്പെടുത്തിയിരുന്നില്ല

• പ്രവർത്തി പൂർത്തീകരണം സർട്ടിഫിക്കറ്റ് ഉണ്ടായിരുന്നു എന്നാൽ സാക്ഷ്യപ്പെടുത്തലുകൾ ഇല്ലായിരുന്നു

•ഭരണാനുമതി സാങ്കേതിക അനുമതി എന്നിവ സാക്ഷ്യപ്പെടുത്തലോടുകൂടി ഉണ്ടായിരുന്നു

•പ്രവർത്തിയുടെ വിവിധ ഘട്ടങ്ങളിലുള്ള ഫോട്ടോ ഉൾപ്പെടുത്തിയിരുന്നു

•പ്രസ്തുത പ്രവർത്തിയുടെ രേഖാചിത്രം ഉണ്ടായിരുന്നു
• ആക്ഷൻ പ്ലാൻ ഉണ്ടായിരുന്നു

•നാല് പിരീഡ് മാസ്റ്ററോള് ഉണ്ടായിരുന്നു.

•വേജ് ലിസ്റ്റ് ഇല്ലായിരുന്നു, പകരം എഫ് ടി ഒ ആണ് ഉൾപ്പെടുത്തിയിരുന്നത്

•സൈറ്റ് ഡയറിയിൽ ചെക്ക്ലിസ്റ്റ് പ്രൊജക്റ്റ് മീറ്റിംഗ് തൊഴിൽ ഉപകരണങ്ങളുടെ വാടക തൊഴിലാളികളുടെ സാക്ഷ്യപത്രം വിജിലൻസ് സർട്ടിഫിക്കറ്റ് സന്ദർശക കുറുപ്പ് എന്നിവ രേഖപ്പെടുത്തിയിരുന്നു.

ഫീൽഡ്

• എം ബുക്ക് പ്രകാരം 941 മീറ്റർ അളവിലാണ് പ്രവർത്തി ചെയ്തിരിക്കുന്നത്

•ഫീൽഡ് തല പരിശോധനയിൽ പ്രസ്തുത അളവിൽ തന്നെയാണ് പ്രവർത്തി പൂർത്തിയാക്കിയിരിക്കുന്നത് മനസ്സിലാക്കാൻ സാധിച്ചു

• ഇരുവശവും ഭാഗികമായി കാടുകയറിയ നിലയിലാണ് കാണാൻ കഴിഞ്ഞത്

•സി ഐ ബി ഉണ്ടായിരുന്നു.

വലിയകുളം പുനരുദ്ധാരണം WC-299726

ഫയൽ

- കവർപേജ് ഉണ്ടായിരുന്നു. അപൂർണ്ണം ആയിരുന്നു

- ചെക്ക് ലിസ്റ്റ് ഉണ്ടായിരുന്നു എന്നാൽ പേജ് നമ്പർ രേഖപ്പെടുത്തിയിരുന്നില്ല

- പ്രവർത്തി പൂർത്തീകരണ സർട്ടിഫിക്കറ്റ് രേഖപ്പെടുത്തിയിരുന്നു

- എസ്റ്റിമേറ്റ് ഉണ്ടായിരുന്നു എന്നാൽ ജനകീയ ഭാഷയിൽ ആയിരുന്നില്ല

- ഭരണാനുമതി സാങ്കേതികാനുമതി എന്നിവ സാക്ഷ്യപ്പെടുത്തലോടുകൂടി ഉണ്ടായിരുന്നു.

- പ്രവർത്തിയുടെ വിവിധഘട്ടങ്ങളിൽ ഉള്ള ഫോട്ടോ ഫയലിൽ ഉൾപ്പെടുത്തിയിരുന്നു

ഫീൽഡ്

- മാലിന്യം കയറി വൃത്തിഹീനം ആയിരുന്ന കുളം തൊഴിലാളികൾ നവീകരിക്കുകയും അതിൽ മത്സ്യകൃഷി ആരംഭിക്കുകയും ചെയ്തതായി മനസ്സിലാക്കാൻ സാധിച്ചു.

- കുളം നല്ല രീതിയിൽ പരിപാലിക്കുന്നത് ആയി മനസ്സിലാക്കാൻ സാധിച്ചു

•എം ബുക്ക് പ്രകാരം 440 മീറ്ററിലാണ് പ്രവർത്തി രേഖപ്പെടുത്തിയിരുന്നത്
പ്രസ്തുത അളവിൽ തന്നെ പ്രവർത്തി പൂർത്തിയായതായി മനസ്സിലായി

- സിഐ ബി ഉണ്ടായിരുന്നു

മണ്ണ് ജലസംരക്ഷണം Wc-345130

ഫയൽ

• എ എംസി പ്രകാരമുള്ള കവർ പേജ് ഉണ്ടായിരുന്നു എന്നാൽ പൂർണമായ രേഖപ്പെടുത്തലുകൾ ഉണ്ടായിരുന്നില്ല .

•ചെക്ക് ലിസ്റ്റ് ഉണ്ടായിരുന്നു എന്നാൽ നമ്പർ രേഖപ്പെടുത്തിയിരുന്നില്ല

• സാങ്കേതിക അനുമതി രേഖ ഭരണാനുമതി എന്നിവ സാക്ഷ്യപ്പെടുത്തലോടുകൂടി ഉണ്ടായിരുന്നു ആക്ഷൻ പ്ലാൻ ഉണ്ടായിരുന്നു

• പ്രവർത്തിയുടെ വിവിധഘട്ടങ്ങളിൽ ഉള്ള ഫോട്ടോ ഉൾപ്പെടുത്തിയിട്ടുണ്ട്

• ഡിമാൻഡ് ഫോം ഇല്ലായിരുന്നു

• സൈറ്റ് ഡയറിയിൽ ചെക്ക് ലിസ്റ്റ്, പ്രോജക്ട് മീറ്റിംഗ്, വിജിലൻസ് ആൻഡ് മോണിറ്ററിംഗ് റിപ്പോർട്ട്, തൊഴിൽ ഉപകരണങ്ങളുടെ വാടക, സന്ദർശക കുറിപ്പ്എന്നിവ രേഖപ്പെടുത്തിയിട്ടുണ്ട് എന്നാൽ ചികിത്സ ചിലവിനെ കുറിച്ച് പരാമർശിച്ചിട്ടില്ല.

ഫീൽഡ്

• എം ബുക്ക് പ്രകാരം 23 മഴക്കുഴി, 5 കമ്പോസ്റ്റ് കുഴി, 789 വാഴ കുഴി , 490 തെങ്ങിൻ കുഴി എന്നാണ് രഖപ്പെടുത്തിയിരുന്നത്

•ഫീൽഡ് പരിശോധനയിൽ 12 മഴക്കുഴി 2 കമ്പോസ്റ്റ് കുഴി 387 വാഴകുഴി 79 തെങ്ങിൻ കുഴി എന്നിവ കാണാൻ സാധിച്ചു.

• ഭൂരിഭാഗം മഴക്കുഴികളും കാടുകയറിയ നിലയിലായിരുന്നു. പല ഭൂഉടമകളുടെയും പ്രവർത്തി സ്ഥലം കാട് കേറി നിലയിൽ ആണ് കാണാൻ സാധിച്ചത്

• പ്രവർത്തിക്കാനായി വിനിയോഗിച്ച തുക ശരിയാകും വിധമല്ല വിനിയോഗിച്ചിരിക്കുന്നത് എന്ന് മനസ്സിലാക്കാൻ സാധിച്ചു.

• സി ഐ ബി ഉണ്ടായിരുന്നു

മണ്ണ് ജലസംരക്ഷണം പ്രവർത്തികൾ Wc-321639

ഫയൽ

• എ എം സി പ്രകാരമുള്ള കവർ പേജ് ഉണ്ടായിരുന്നു എന്നാൽ പൂർണമായ രേഖപ്പെടുത്തലുകൾ ഉണ്ടായിരുന്നില്ല

• ചെക്ക് ലിസ്റ്റ് ഉണ്ടായിരുന്നു എന്നാൽ പേജ് നമ്പർ രേഖപ്പെടുത്തിയിരുന്നില്ല

• ഭരണാനുമതി സാങ്കേതികാനുമതി രേഖ എന്നിവ സാക്ഷ്യപ്പെടുത്തലോടുകൂടി ഉണ്ടായിരുന്നു

• പ്രവർത്തി പൂർത്തീകരണം സർട്ടിഫിക്കറ്റ് സാക്ഷ്യപ്പെടുത്തലോടുകൂടി ഉണ്ടായിരുന്നു.

• 97 പേർ അപേക്ഷിച്ച ഡിമാൻഡ് ഫോം ഉണ്ടായിരുന്നു

• പ്രവർത്തിയുടെ 3 സ്റ്റേജ് ഫോട്ടോ ഉൾപ്പെടുത്തിയിരുന്നു.

• സൈറ്റ് ഡയറിയിൽ ചെക്ക് ലിസ്റ്റ്, പ്രോജക്റ്റ് മീറ്റിംഗ്, തൊഴിലുപകരണങ്ങളുടെ വാടക, വിജിലൻസ് റിപ്പോർട്ട്, സന്ദർശക കുറിപ്പ് എന്നിവ ഉൾപ്പെടുത്തിയിരുന്നു. എന്നാൽ ചികിത്സ ചിലവിനെ കുറിച്ച് ഒന്നും പരാമർശിച്ചിട്ടില്ല

ഫീൽഡ്

• എം ബുക്ക് പ്രകാരം 11 കമ്പോസ്റ്റ് കുഴി, 576 വാഴ കുഴി, 314 തെങ്ങിൻ കുഴി, 40 മഴക്കുഴി എന്നിവ രേഖപെടുത്തിയിരുന്നു

• ഫീൽഡ് തല പരിശോധനയിൽ 27 മഴക്കുഴി, 3 കമ്പോസ്റ്റ് കുഴി, 114 തെങ്ങിൻ കുഴി, 340 വാഴ കുഴി എന്നിവ കാണാൻ സാധിച്ചു. ഭാഗികമായി കാടുകയറി നിലയിലാണ് കാണാൻ കഴിഞ്ഞത്.

.

•സിഐ ബി ഉണ്ടായിരുന്നു

മണ്ണ് ജല സംരക്ഷണ പ്രവർത്തികൾ Wc- 321640

ഫയൽ

• കവർപേജ് ഉണ്ടായിരുന്നു എന്നാൽ പൂർണമായ രേഖപ്പെടുത്തലുകൾ ഉണ്ടായിരുന്നില്ല

• ഭരണാനുമതി സാങ്കേതികാനുമതി എന്നിവ സാക്ഷ്യപ്പെടുത്തലോടുകൂടി ഉണ്ടായിരുന്നു എസ്റ്റിമേറ്റ് ഉണ്ടായിരുന്നു എന്നാൽ ജനകീയ ഭാഷയിൽ ആയിരുന്നില്ല

•വേജ് ലിസ്റ്റ് ഇല്ലായിരുന്നു ,എന്നാൽ FTO പ്രകാരമുള്ള വേജ് ലിസ്റ്റ് ഉണ്ടായിരുന്നു

• 72 പേർ ഡിമാൻഡ് ചെയ്ത ഫോം ഉണ്ടായിരുന്നു

• പ്രവർത്തിയുടെ വിവിധ ഘട്ടങ്ങളിൽ ഉള്ള ഫോട്ടോ ഉൾപ്പെടുത്തിയിട്ടുണ്ട്

• പ്രവർത്തി പൂർത്തീകരണം സർട്ടിഫിക്കറ്റ് സാക്ഷ്യപ്പെടുത്തലോടുകൂടി ഉണ്ടായിരുന്നു

• സൈറ്റ് ഡയറിയിൽ ചെക്ക് ലിസ്റ്റ്, പ്രൊജക്റ്റ് മീറ്റിംഗ്, തൊഴിൽ ഉപകരണങ്ങളുടെ വാടക, സാക്ഷിപത്രം, വിജിലൻസ് റിപ്പോർട്ട്, സന്ദർശക കുറുപ്പ് എന്നിവ ഉണ്ടായിരുന്നു. എന്നാൽ ചികിത്സ ചിലവിനെ കുറിച്ച് പരാമർശിച്ചിട്ടില്ല

ഫീൽഡ്

• എം ബുക്ക് പ്രകാരം 45 മഴക്കുഴി, 780 വാഴ കുഴി, 478 തെങ്ങും കുഴി, 6 കമ്പോസ്റ്റ് കുഴി എന്നിവ രേഖപ്പെടുത്തിയിരുന്നു

• ഫീൽഡ് തല പരിശോധനയിൽ 12 മഴക്കുഴി, 192 തെങ്ങും കുഴി, 435 വാഴ കുഴി, 2 കമ്പോസ്റ്റ് കുഴി എന്നിവ കാണാൻ സാധിച്ചു.

• സി ഐ ബി കാണാൻ സാധിച്ചു.

മണ്ണ് ജല സംരക്ഷണ പ്രവർത്തികൾ Wc-321637

ഫയൽ

• എ എം സി പ്രകാരമുള്ള കവർപേജ് ഉണ്ടായിരുന്നു. എന്നാൽ പൂർണമായ രേഖപ്പെടുത്തലുകൾ ഉണ്ടായിരുന്നില്ല

• സാങ്കേതിക അനുമതി രേഖ ഭരണാനുമതി എന്നിവ സാക്ഷ്യപ്പെടുത്തലോടുകൂടി ഉൾപ്പെടുത്തിയിരുന്നു

• പ്രവർത്തിയുടെ വിവിധഘട്ടങ്ങളിൽ ഉള്ള ഫോട്ടോ ഉൾപ്പെടുത്തിയിരുന്നു

• 97 പേർ അപേക്ഷിച്ച ഡിമാൻഡ് ഫോം ഉണ്ടായിരുന്നു

•സൈറ്റ് ഡയറിയിൽ ചെക്‌ലിസ്റ് പ്രൊജക്റ്റ് ഉപകരണങ്ങളുടെ വാടക സാക്ഷ്യപത്രം വിജിലൻസ് റിപ്പോർട്ട് സന്ദർശക കുറിപ്പ്എന്നിവയുണ്ട്. എന്നാൽ ചികിത്സയെക്കുറിച്ച് പരാമർശിച്ചിട്ടില്ല

ഫീൽഡ്

• എം ബുക്ക് പ്രകാരം 162 തെങ്ങിൻ കുഴി 30 വാഴ കുഴി 9 മഴക്കുഴി എന്നിവയാണ്.

• പ്രസ്തുത പ്രവർത്തിയിൽ 57 വാഴ കുഴി 65 തെങ്ങിൻ കുഴി മൂന്നു മഴക്കുഴി എന്നിവയാണ് കാണാൻ സാധിച്ചത്.

• പ്രവർത്തി ചെയ്ത സ്ഥലം കാടുകയറി നിലയിലായിരുന്നു കാണുവാൻ സാധിച്ചത്.

• പ്രസ്തുത പ്രവർത്തിയുടെ സി ഐ ബി തറയിൽ വീണ് നിലയിലായിരുന്നു കാണാൻ സാധിച്ചത്.

മണ്ണ് ജലസംരക്ഷണം WC- 321638

ഫയൽ

• എ എം സി പ്രകാരമുള്ള കവർ പേജ് ഉണ്ടായിരുന്നു അപൂർണ്ണമായിരുന്നു .

• ഡീറ്റെയിൽഡ് എസ്റ്റിമേറ്റ് ഉണ്ട് .5 പീരിയഡ് മാസ്റ്റെറോൾ ഫയലിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്

• ഭുഉടമകളുടെ കരം തീർത്ത രസീത് ഫയലിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്

• വർക്ക് കംപ്ലീഷൻ സർട്ടിഫിക്കറ്റ് ഉണ്ട് ,സൈറ്റ് ഡയറിയിൽ ചികിത്സയുമായി ബന്ധപ്പെട്ട വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. സന്ദർശക കുറുപ്പ് ഉണ്ട്

• 3 സ്റ്റേജ് ഫോട്ടോസ് ഫയലിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്

ഫീൽഡ്

• എം ബുക്ക് പ്രകാരം 510 തെങ്ങിൻ കുഴി 60 മഴക്കുഴി 780 വാഴകുഴി 5 കമ്പോസ്റ്റ് കുഴി എന്നിവയാണ് രേഖപ്പെടുത്തിയിരിക്കുന്നത് എന്നാൽ ഫീൽഡ് തല പരിശോധനയിൽ 25 മഴക്കുഴി 192 തെങ്ങിൻ കുഴി 435 വാഴ കുഴി 3 കമ്പോസ്റ്റ് കുഴി ആണ് കാണാൻ കഴിഞ്ഞത്.

• സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് ഉണ്ടായിരുന്നു.

• കാട്കയറിയ നിലയിലാണ് സ്ഥലം കാണാൻ കഴിഞ്ഞത്

പൊതുവായ കണ്ടെത്തലുകൾ

* ഫയലിൽ ഉൾക്കൊള്ളേണ്ടതായ രേഖകൾ ആവശ്യമായ സാക്ഷ്യപ്പെടുത്തലോടുകൂടി സൂക്ഷിക്കേണ്ടതാണ്

• തോട്, നീർച്ചാൽ , ചാനൽ തുടങ്ങിയ പുനരുദ്ധാരണ പ്രവർത്തികളിൽ തൊഴിലാളികൾക്ക് യാതൊരുവിധ സുരക്ഷാസംവിധാനങ്ങളും (കയ്യുറകൾ, കാലുറകൾ) ഇല്ലാതെയാണ് പ്രവർത്തിക്കുന്നതെന്ന് മനസ്സിലായി.

* ഫോട്ടോ ഫസ്റ്റ് എയ്ഡ് കിറ്റ് തുടങ്ങിയവയ്ക്കുള്ള പണം തൊഴിലാളികളിൽ നിന്നുമാണ് ഈടാക്കിയിരുന്നത് എന്ന് മനസ്സിലാക്കാൻ കഴിഞ്ഞു

* ജനകീയ ഭാഷയിലുള്ള എസ്റ്റിമേറ്റ് ഉണ്ടായിരുന്നില്ല

* ഒന്നൊഴികെ ബാക്കി എല്ലാ പ്രവർത്തികളിലും സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് പ്രവർത്തി ഇടങ്ങളിൽ സ്ഥാപിച്ചിരിക്കുന്നു എങ്കിലും മറിഞ്ഞും , ചാനലിനുള്ളിൽ വീണു കിടക്കുന്ന രീതിയിലാണ് കാണാൻ കഴിഞ്ഞത്.

* ഭൂവികസന പ്രവർത്തികൾ നടന്ന സ്ഥലങ്ങളുടെ സംരക്ഷണം ഭൂവുടമകൾ വഹിക്കുന്നില്ലെന്ന് ബോധ്യപ്പെട്ടു.

* പല ഫയലുകളും മസ്റ്റ് റോളുകൾ എം ഐ എസിൽ രേഖപ്പെടുത്തിയിട്ടില്ല, അതുകൊണ്ട് തന്നെ പ്രവർത്തിയിൽ ചെലവായ തുകയും തൊഴിൽ ദിനങ്ങൾ വ്യത്യാസപ്പെടുത്തിആണ് രേഖപ്പെടുത്തിയിരിക്കുന്നത്.(7/9/2018) തീയതിയിലെ മസ്റ്റെറോൾ പറ്റിയുള്ള വിവരങ്ങൾ എം ഐ എസിൽ ഇല്ല.

* 20 തൊഴിലാളികളുടെ തൊഴിൽ കാർഡ് നോക്കി

* വാർഡിൽ രണ്ട് നഴ്സറികളും ഒരു കുടുംബ ക്ഷേമ കേന്ദ്രം പ്രവർത്തിക്കുന്നു.

*വാർഡിൽ 382 സജീവ തൊഴിലാളികളാണുള്ളത്. ഇതിൽ 26 തൊഴിലാളികൾക്ക് 100 ദിവസം പൂർത്തിയാക്കാൻ കഴിഞ്ഞിട്ടുണ്ട്.

നിർദ്ദേശങ്ങൾ

* ഫയലിലെ രേഖകൾ സാക്ഷ്യപ്പെടുത്തലുകളോടുകൂടിയും പൂർണ്ണ രേഖപ്പെടുത്തലുകളോടു കൂടിയും സൂക്ഷിക്കേണ്ടതാണ്.

* തൊഴിലാളികൾക്ക് ആവശ്യമായ സുരക്ഷാ സൗകര്യങ്ങൾ ആവശ്യാനുസരണം നൽകേണ്ടതാണ്.

* പ്രവർത്തികൾ മനസ്സിലാക്കി പ്രയോജനമാം വിധത്തിൽ ഏറ്റെടുക്കേണ്ടതാണ്

* ഭൂവികസനം പോലുള്ള പ്രവർത്തികൾ, ഭൂവുടമയ്ക്ക് പ്രവൃത്തിയെ സംബന്ധിക്കുന്ന വ്യക്തമായ ധാരണ നൽകിക്കൊണ്ട് നടപ്പിലാക്കേണ്ടതാണ്.

* നിലവിൽ മേറ്റ്മാർ എടുത്തു നൽകുന്ന ഫോട്ടോകൾ, തൊഴിൽ സ്ഥലത്ത് ഇവർ പണം മുടക്കി വാങ്ങുന്നതായ പ്രഥമ ശുശ്രൂഷ കിറ്റുകൾ എന്നിവയ്ക്ക് ചിലവാകുന്ന തുക അർഹരായവർക്ക് നൽകാൻ നിർവഹണ ഏജൻസി ശ്രദ്ധിക്കേണ്ടതാണ്.

* പദ്ധതിയിലൂടെ നടപ്പിലാക്കിയ പ്രവർത്തികൾ നിയമാനുസൃതമായിട്ടുള്ള കാലയളവിൽ സൂക്ഷിക്കേണ്ടതാണ്.

* തൊഴിലാളികൾ ചെയ്ത എല്ലാ പ്രവൃത്തികളുടെയും ഫയലുകൾ ലഭ്യമാക്കേണ്ടതാണ്.

ഗ്രാമ സഭയിലെ പരാമർശങ്ങൾ

* എസ്റ്റിമേറ്റ് ജനകീയ ഭാഷയിൽ അല്ലെന്നു റിപ്പോർട്ടിലുണ്ടായിരുന്നു എന്നാൽ എസ്റ്റിമേറ്റ് സെക്യുലറിൽ നിന്ന് ഡൗൺലോഡ് ചെയ്താണ് എടുക്കുന്നതിനാൽ മലയാളത്തിൽ ലഭ്യമാക്കാൻ സാധിക്കുന്നില്ല മലയാളത്തിന്റെ സോഫ്റ്റ്വെയർ കിട്ടിയാൽ മലയാളത്തിൽ ലഭ്യമാക്കും എന്ന നിർവഹണ ഏജൻസി അഭിപ്രായപ്പെട്ടു.

* പ്രവർത്തി നടന്ന ആറുമാസത്തിനകത്ത് ഓഡിറ്റ് നടത്തണം എന്ന് തൊഴിലാളികൾ അഭിപ്രായപ്പെട്ടു

* ചില മസ്റ്റ് റോളുകൾ എം എസിൽ ഇല്ല എന്നതിനുള്ള മറുപടി ആയി എം.ഐ.എസ് പ്രകാരം മസ്റ്ററോൾ പരിശോധിക്കുകയാണെങ്കിൽ പണം തൊഴിലാളികൾക്ക് കൊടുക്കുന്നത് മുടങ്ങിയതായി കാണാൻ സാധ്യതയുണ്ട് എന്നാൽ ഒരു മുടക്കവും വരാതെ തൊഴിലാളികൾ കൈപ്പറ്റിയിട്ടുണ്ട് ഇതുമായി ബന്ധപ്പെട്ട രേഖകൾ പഞ്ചായത്തിൽ സൂക്ഷിക്കുന്നുണ്ട് എന്ന് നിർവഹണ ഏജൻസി അഭിപ്രായപ്പെട്ടു.

* ജോലി ആരംഭിക്കുന്നതിനു മുൻപ് മസ്റ്റെറോൾ (×) അടിച്ചു വരുന്നത് ബ്ലോക്കിൽ നിന്ന് നേരിട്ട് വരുന്നത് ആണ് നിർവഹണ ഏജൻസിക്ക് ഒന്നും ചെയ്യാൻ കഴിയില്ല എന്ന് അഭിപ്രായമുണ്ടായി.

* 100 ദിവസത്തെ തൊഴിൽ നൽകണമെന്നും തൊഴിലാളികളിൽ നിന്ന് അഭ്യർത്ഥന ഉണ്ടായി

റിപ്പോർട്ട് തയ്യാറാക്കിയത്

BRP അനുശ്രീ

VRP സുബിത എസ്

VRP അഞ്ജലി ബി എസ്